## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

14/12/2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1690

## കുടുംബശ്രീ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

എ) സംസ്ഥാനത്ത് ഇതുവരെ എത്ര ലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

എ) സംസ്ഥാനത്ത് നിലവിൽ 34,77,353 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കുടുംബങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 403479 |
| 2 | കൊല്ലം | 249944 |
| 3 | പത്തനംതിട്ട | 129570 |
| 4 | ആലപ്പുഴ | 283296 |
| 5 | കോട്ടയം | 197934 |
| 6 | ഇടുക്കി | 143262 |
| 7 | എറണാകുളം | 284412 |
| 8 | തൃശൂർ | 301987 |
| 9 | പാലക്കാട് | 263349 |
| 10 | മലപ്പുറം | 330183 |
| 11 | കോഴിക്കോട് | 378682 |
| 12 | വയനാട് | 95881 |
| 13 | കണ്ണൂർ | 266417 |
| 14 | കാസർഗോഡ് | 148957 |
| | ആകെ | **3477353** |

ബി) 2011-12 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ കുടുംബശ്രീ വഴി നടത്തുകയുണ്ടായി ; ആയത് നടപ്പുവർഷം നവംബർ 30 വരെ എത്ര; വിശദമാക്കുമോ ;

ബി) 2011-12 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ മിഷൻ വിവിധ പദ്ധതികൾക്കായി 7136.01 ലക്ഷം രൂപ ചെലവഴിച്ചു. 2012-13 സാമ്പത്തിക വർഷത്തിൽ 2012 നവംബർ 30 വരെ 3674.68 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് ഇപ്പോൾ കുടുംബശ്രീയുടെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | സി) | കുടുംബശ്രീയുടെ കീഴിൽ **2,17,616** അയൽക്കൂട്ടങ്ങളും (എൻഎച്ച്ജി), **19348** എഡിഎസ്സുകളും, **1072** സിഡിഎസ്സുകളും പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള അയൽക്കൂട്ടങ്ങളുടെ വിശദവിവരം ചുവടെചേർക്കുന്നു: |

| ക്രമ നം. | ജില്ല | സിഡിഎസ് | എഡിഎസ് | അയൽക്കൂട്ടം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 83 | 1577 | 24792 |
| 2 | കൊല്ലം | 74 | 1414 | 17318 |
| 3 | പത്തനംതിട്ട | 58 | 899 | 7984 |
| 4 | ആലപ്പുഴ | 79 | 1425 | 17571 |
| 5 | കോട്ടയം | 78 | 1320 | 12517 |
| 6 | ഇടുക്കി | 52 | 822 | 10650 |
| 7 | എറണാകുളം | 102 | 1901 | 17658 |
| 8 | തൃശൂർ | 104 | 1806 | 19141 |
| 9 | പാലക്കാട് | 96 | 1675 | 18293 |
| 10 | മലപ്പുറം | 110 | 2146 | 18626 |
| 11 | കോഴിക്കോട് | 82 | 1512 | 21368 |
| 12 | വയനാട് | 26 | 500 | 7420 |
| 13 | കണ്ണൂർ | 86 | 1582 | 15699 |
| 14 | കാസർഗോഡ് | 42 | 769 | 8579 |
| | **ആകെ** | **1072** | **19348** | **217616** |

| | | | |
|---|---|---|---|
| ഡി) | കുടുംബശ്രീയുടെ കീഴിൽ എത്ര അയൽക്കൂട്ടങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി നടത്തുന്നു ; ഏതൊക്കെ തരത്തിലുള്ള കൃഷിയാണ് ഇത്തരത്തിലുള്ള അയൽക്കൂട്ടങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | ഡി) | കുടുംബശ്രീയുടെ കീഴിൽ 49385 ജെ.എൽ.ജി.(ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) കളാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യുന്നത്. 2011-12 വർഷത്തിൽ 6116 ജെ.എൽ.ജി.കൾ 9912 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുകയുണ്ടായി. വാഴ, നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയാണ് കൃഷി ചെയ്യുന്നത്. |
| ഇ) | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നോഡൽ ഏജൻസി ഇപ്പോഴും കുടുംബശ്രീ ആണോ ; എങ്കിൽ ആയത് മാറ്റാൻ ചില തത്പരകക്ഷികൾ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | ഇ) | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. നോഡൽ ഏജൻസിയെ മാറ്റാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| എഫ്) | സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഔദ്യോഗിക ഏജൻസിയായ കുടുംബശ്രീ മിഷൻ സർക്കാർ ഫണ്ട് ലഭിക്കാതെ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ജി) | ഒരേ തരത്തിലുള്ള കുടുംബശ്രീ ഉൽപ്പന്നങ്ങളെ ഒരു ബ്രാൻഡിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുവോ ; വിശദമാക്കുമോ ? | ജി) | ഒരേ തരത്തിലുള്ള കുടുംബശ്രീ ഉത്പ്പന്നങ്ങളെ ഒരു ബ്രാന്റിന് കീഴിലാക്കുവാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീ കാന്റീൻ യൂണിറ്റുകളെ 'കഫേ കുടുംബശ്രീ', കുടുംബശ്രീ ഹോംഷോപ്പുകൾ മുഖേന ഉത്പ്പാദിപ്പിക്കുന്ന സോപ്പ്, ഡിറ്റർജന്റ്സ് തുടങ്ങിയവ 'ഹോം ഷോപ്പ്', കരകൗശല ഉത്പ്പന്നങ്ങൾ 'ചാരുത', കുടുംബശ്രീ ന്യൂട്രിമിക്സ് ഉത്പ്പന്നങ്ങൾ 'അമൃതം' എന്ന പേരിലും ബ്രാന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ